
# നവ ദീപ്തി

little KITEs

മൗണ്ട് കാർമ്മൽ ഹൈസ്കൂൾ, മാമണ ജെല്ലിപ്പാറ

നവദീപ്തി


മൗണ്ട് കാർമ്മൽ സ്കൂളിന്റെ ചരിത്രവഴികളിലൂടെ കടന്നുപോകുമ്പോൾ
1968ൽ എൽ പി സ്കൂൾ ആയി ഈവിദ്യാലയം ആരംഭിച്ചു പിന്നീട് ഘട്ടം
ഘട്ടമായി U.P, H.S, H.S.S    ആയിവളർന്ന മണ്ണാർക്കാട്
ഉപജില്ലയിലെഅഗളിപഞ്ചായത്തിലെ ജെല്ലിപ്പാറ എന്ന പ്രദേശത്ത്
നിലനിൽക്കുന്ന ഈവിദ്യാലയത്തിൽ ആയിരത്തോളം കുട്ടികളും
45അധ്യാപകരുമുണ്ട് പഠനത്തോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങൾക്കും
ഊന്നൽ നൽകുന്നു. കലാകായികാ മേഖലകളിൽ വളരുന്നതിനാവശ്യമായ
പരീശിലനം നൽകുന്ന വോളിബോൾ കബഡി ഫുട്ബോൾ കൊക്കോ
തുടങ്ങിയ സ്പോർട്സ് ഐറ്റത്തിനും വർക്ക് എക്സ്പിരിയൻസിനും കരാട്ടെ
തുടങ്ങിയ മേഖലകളിൽ വളരുവാനുള്ള പരിശിലനവും അവസരവും നൽകുന്നു
അച്ചടക്കം, ശുചിത്വം മറ്റുപാഠ്യേതരപ്രവർത്തനങ്ങൾ എന്നിവയിൽ
അധ്യാപകർ ,അനധ്യാപകർ കുട്ടികൾ   P.T.A  എന്നി വരുടെ
സഹായത്തോടെ      ഉന്നമനത്തിനായി പ്രവർത്തിക്കുന്നു
നവദീപ്തി

# താളുകളിലൂടെ

* കാർമ്മലിന്റെ വഴികളിലൂടെ
* എഡിറ്റോറിയൽ ബോർഡ്
* ആമുഖം
* ആശംസ
* കടലാസു തുണ്ടുകളുടെ ആത്മകഥ
* പ്രളയമേ നീ വീണ്ടും
*ഡിജിറ്റൽ യുഗം- കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ
*അമ്മ മലയാളം
* എന്നിൽ വന്നടുത്തതെന്തിന്
*മനുഷ്യസംസ്കാരത്തിന്റെ സ്ഥിതിഗതികളിലൂടെ
* കലാകൗതുകം

* My Class
*Unforgotten Deluqe
*Rain
*Rain Drops

# എഡിറ്റോറിയൽ ബോർഡ്





# ആമുഖം

സ്നേഹമുള്ളവരേ, പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാഭ്യാസരംഗം ഹൈടെക് ആയി മാറിയിരിക്കുന്ന ഈ അവസരത്തിൽ കുഞ്ഞുമനസ്സുകളിലെ സർഗ്ഗസൃഷ്ടികൾ നവദീപ്തി ഡിജിറ്റൽ മാഗസിനിലൂടെ ഞങ്ങൾ നിങ്ങൾക്ക് മുൻപിൽ തുറന്നു വയ്ക്കുന്നു.

തെറ്റുകൾ ഉണ്ടാവാം ഞങ്ങളോട് സവിനയം ക്ഷമിക്കുമല്ലോ?

എഴുത്തും വായനയുമെല്ലാം ഒരു വിരൽതുമ്പിലെത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ

ഡിജിറ്റൽ മാഗസിൻ എന്ന മൗണ്ട് കാർമ്മലിന്റെ സ്വപ്നം സാക്ഷാൽക്കരിക്കട്ടെ.

# ആശംസ

പ്രിയമുള്ള വിദ്യാർത്ഥികളെ

ഹൈടെക് യുഗത്തിൽ സങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താനായി ലിറ്റിൽ കൈറ്റസ് എന്ന കുട്ടികളുടെ കൂട്ടായ്മയും അതിന്റെ പ്രവർത്തനങ്ങളും വിദ്യാർത്ഥികളെ പഠന പ്രവർത്തനങ്ങളിൽ ഉന്നതിയിലേയ്ക്ക് ഉയർത്തുന്നു ഇക്കാര്യത്തിൽ എല്ലാവിധ വിജയാശംസകളും നേർന്നുകൊണ്ട്

ഹെഡമിസ്ട്രസ്



# കടലാസുതുണ്ടുകളുടെ ആത്മകഥ

ഹായ് കൂട്ടുകാരെ , ഞാൻ നിങ്ങളുടെ സ്വന്തം കടലാസ്.

നിങ്ങൾക്ക്എന്റെ ജീവിതത്തിന്റെ കഥ അറിയണ്ടേ? എന്നാൽ നിങ്ങൾ

കേട്ടോളൂ.അങ്ങകലെ കുഞ്ഞിപ്പുഴയുടെ തീരത്ത് വളർന്ന് പന്തലിച്ച ഒരു

വലിയ മരത്തിന്റെ അംശമായിരുന്നു ഞാൻ. അന്നൊരു ദിവസം കുറെ

പേർ വന്ന് ഞാനുൾക്കൊള്ളുന്ന മരത്തെ വെട്ടി വീഴ്ത്തി

ചെറുകഷണങ്ങളാക്കി അവർ ഞങ്ങളെ ഒരു വലിയ മില്ലിലെത്തിച്ചു.

അപ്പോൾ ഞാൻ  എന്റെ ജീവിതം നശിച്ചല്ലോ എന്നോർത്ത്

സങ്കടപ്പെട്ടു. വലിയ യന്ത്രങ്ങളിലിട്ട് ഞങ്ങളെ അരച്ചപ്പോൾ വല്ലാത്ത

നവദീപ്തി

വേദന തോന്നി.

ഞങ്ങളെല്ലാം വാവിട്ടു കരഞ്ഞു. ആരോ പറയുന്നതായി തോന്നി. ഈ മരങ്ങളെല്ലാം പേപ്പറുണ്ടാക്കാൻ കൊണ്ടുവന്നതാണെന്ന്. ആ കരച്ചിൽ കേട്ട് മില്ലുടമസ്ഥൻ വന്നു പറഞ്ഞു. നിങ്ങളാരും കരയണ്ട. നിങ്ങളെ ഉയർന്നസ്ഥാനത്തെത്തിക്കാനാണ് ഇങ്ങനെ അരച്ചു കലക്കുന്നത്. പേപ്പറിനെ കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. മനുഷ്യരുടെ കൂടെ കഴിയാനും , ഏത് വിദ്യാലയങ്ങളിലും, ഓഫീസിലും കയറിചെല്ലാനും,ഷെൽഫുകളിൽ സ്ഥാനം പിടിക്കാനുമൊക്കെ അവസരം ലഭിക്കുന്നവരാണ് പേപ്പറുകൾ .ദിവസങ്ങൾക്കകം നല്ല പേപ്പർ കഷണങ്ങളായി നിങ്ങൾ മെഷീനിലൂടെ പുറത്തുവരും. നിങ്ങൾ നോട്ടുബുക്കുകളും പാഠപുസ്തകങ്ങളുമായി മാറും.അപ്പോൾ നിങ്ങൾക്ക് സ്കൂൾകുട്ടികളോടൊത്ത് കളിക്കാം. അവർക്ക് എഴുതാനും ചിത്രം വരയ്ക്കാനുമൊക്കെ നിങ്ങളെ വേണം. നിങ്ങളിൽ ചിലർ ഡയറികളായും വലിയ പുസ്തകങ്ങളായും മാറും. അവർക്ക് മനുഷ്യരുടെ അലമാരികളിലും മേശപുറത്തുമൊക്കെ വലിയ സ്ഥാനം ലഭിക്കും .അതു കേട്ടു ഞങ്ങൾക്ക് സന്തോഷമായി. എല്ലാ വേദനകളും ഞങ്ങൾ സഹിച്ചു. നിന്നു കൊടുത്തു ഒരു നോട്ടുബുക്കിലെ പേജായാണ് ഞാൻ മാറിയത് .ഒരു വികൃതിപ്പയ്യനാണ് ഞാനുൾക്കൊള്ളുന്ന നോട്ടുബുക്ക് വാങ്ങിയത്. അവൻ മടിയനുമായിരുന്ന ു.അദ്ധ്യാപകർ നിർദ്ദേശിക്കുന്ന കാര്യങ്ങളൊന്നും അവൻ എഴുതിയെടുക്കില്ല. നോട്ടുബുക്കിൽ നിന്നു




പേജുകൾ പിഴുതെടുത്ത് അവൻ വലിച്ചെറിയും . എന്റെ സഹോദരങ്ങളെയൊക്കെ അവനിങ്ങനെ

പിഴുതെടുത്തെറിഞ്ഞപ്പോൾ ഞാൻ വല്ലാത്ത വിഷമത്തിലായി. പക്ഷേ എന്റെ വിഷമം ആരുകാണാൻ?ഒടുവിൽ അവൻ എന്നെയും പിഴുതെടുത്ത് നിലത്തിട്ടു ചവിട്ടിയരച്ചു. അപ്പോഴെനിക്കുണ്ടായ ദേഷ്യവും സങ്കടവും........ഹോ! അത് പറഞ്ഞു തീർക്കാനാവില്ല. ഏതൊരു ലക്ഷ്യത്തിനാണോ എന്നെ ദൈവം സൃഷ്ടിച്ചത്. അതെല്ലാം അവഗണിച്ച് ആ കുട്ടി എന്നെ ഈ വിധം നശിപ്പിച്ചുകളഞ്ഞല്ലോ. അതോർത്താണ് ഞാൻ വിങ്ങികരഞ്ഞത്. കൂട്ടുകാരെ ,നിങ്ങൾക്ക് എന്റെ കരച്ചിൽ കേൾക്കാനാവുന്നില്ലേ?ഓ! എന്നെയൊന്ന് ചെവിയുടെ അടുത്തേക്ക് അടുപ്പിച്ചു പിടിച്ചു ശ്രദ്ധിക്കൂ.

ഗുണപാഠം- കൂട്ടുകാരേ ഭൂമിയിലുള്ളതെല്ലാം മനുഷ്യരുടെ പ്രയോജനത്തിന് വേണ്ടിയാണ് ദൈവം സൃഷ്ടിച്ചത്.അത്കൊണ്ട് നാം അവയുടെ പ്രയോജനം കണ്ടെത്തി ഉപയോഗിക്കണം . ഒന്നിനെയും വെറുതെ നശിപ്പിക്കാൻ പാടില്ല. അത് പാപമാണ്. ഏത് വസ്തുവും നമുക്കല്ലെങ്കിൽ മറ്റൊരു ജീവിക്ക് ഉപകാരപ്പെടാനുള്ളതാണെന്നോർക്കണെ.നവദീപ്തി

# My Class

My class is like our body
Friendship is like our heart
Which pumps love and care
Teachers are our second mothers
And they are like our eyes
Which helps to see right and wrong
Friends are like angels to help us in our needs
And class is my home where I spend
Much time in a day.



Kripa Tresa Sunil



# AN UNFORGOTTEN DELUGE

In august month heavy rain came in all over kerala. In that deluge so many houses destroyed .Nearly 450 peoples died .The fisherman saved thousands of people from death. I cursed the rain my surrounding places started rehabilitation centres. The river flowed overflow animals dead in flood. Trees fell and floated in the water  people left first floor and stayed second and third floor. people demanded food. Helicopter came and saved many peoples. almost all roads collapsed the flood was dread full. I never forget it



Aleena john 9.A

നവദീപ്തി

Mount carmel h s s mamanna jellippara

# പ്രളയമേ നീ വീണ്ടും?

എക്കാലവും മനസ്സിനെ കടലാഴങ്ങളിലേയക്ക് കൊണ്ടുപോകുന്ന മാസങ്ങൾ എന്റെ കൺമുന്നിലൂടെ കടന്നുപോയി ഇനിതിരിച്ചുവരില്ലെന്ന് ഓർത്ത് സമാധാനിക്കാം ലോകരാഷ്ട്രങ്ങൾ കേരളം എന്ന കൊച്ചു സംസ്ഥാനത്ത അറിയുന്നത് ഇങ്ങനെയാവാം പ്രളയം എന്ന വാക്കിലൂടെ കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച സ്വാമി വിവേകാനന്ദൻ എന്തെങ്കിലും കാര്യമില്ലാതെ പറയാൻ സാധ്യതയില്ല .പണ്ട് ജാതിയായിരുന്നു ഒരു വ്യക്തിയുടെ നിലവാരം നിശ്ചയിച്ചിരുന്നതെങ്കിൽ ഇന്ന മതമാണ് മതത്തിന്റെ പേരിൽ മനുഷ്യൻ മനുഷ്യനെ മറക്കുന്ന  മനുഷ്യത്വം തിരിച്ചറിയിക്കാൻ പ്രകൃതി നൽകിയ പാഠം പ്രളയം എന്ന പാഠം



പ്രളയത്തിലൂടെമലയാളികൾ ഒന്നായ നിമിഷം കൊട്ടിയടക്കപ്പെട്ട ആരാധനാലയങ്ങൾ തുറന്നുകൊടുത്ത നല്ല ദിനങ്ങൾ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാതെ ഒരുമിച്ച ഭക്ഷണം കഴിച്ച ദിവസങ്ങൾ കൈ മെയ് മറന്ന് സഹായിച്ച്മലയാളികൾമനുഷ്യത്വം നഷ്ടപ്പെട്ടിട്ടില്ല എന്ന ലോകത്തിനു മുന്പിൽ തെളിയിച്ചു ഒന്നേപറയാനുള്ളു മനുഷ്യത്വം ദിവസങ്ങൾ മാത്രം ശേഷിക്കുന്നതാവരുത് പകരം എന്നും അവന്റെ ഉള്ളിൽ കുടികൊള്ളുന്ന വികാരമാവണം ഭൗതികമായി എല്ലാം നശിച്ചാലും ആത്മിയമായത് ഒന്ന നശിക്കരുത് ഇനിയും പ്രകൃതിപ്രളയമായി വരാതിരിക്കാൻ നമ്മുക്ക കൈകോർക്കാം



എയ്ഞ്ചൽ പി. സി പത്ത് ഡി



# ഡിജിറ്റൽ യുഗം -കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ

അടുത്തു നിൽപ്പോരനുജനെ നോക്കാൻ അക്ഷികളില്ലാത്തോൻ
അരൂപനീശ്വരനദൃശ്യനായാൽ അതിലെന്താശ്ചര്യം

എന്ന് മഹാകവി വള്ളത്തോൾ പാടി. എന്നാൽ ഇന്ന് അടുത്ത് നിൽക്കുന്ന അനുജനെ മാത്രമല്ല അച്ഛനേയും അമ്മയേയും സഹോദരങ്ങളേയും നോക്കാൻ അക്ഷികളില്ല.അക്ഷികൾ സ്മാർട്ട് ഫോണിലോ, ഈമെയിലിലോ, സ്കൈപ്പിലോ ദൂരെ എങ്ങോ ഇരിക്കുന്ന അപരിചിത സൗഹൃദത്തിനായി തിരയുകയാവാം. ആശയവിനിമയ. ഉപാധികൾ അച്ചടി ലോകത്തു നിന്നും എഴുത്തിന്റെ ലോകത്തു നിന്നും ഡിജിറ്റൽ ലോകത്തിലേക്കും, ടച്ച് ഫോണിന്റെ ലോകത്തിലേക്കും പ്രവേശിച്ചിട്ട് കാലം കുറെ ആയില്ലെങ്കിലും വളരെ വേഗത്തിലായെന്ന് പറയാം നമ്മുടെ സംസ്കാരത്തിന്റെ പ്രതീകങ്ങളിലൊന്നായ ഭാഷയിൽ മീഡിയ വരുത്തിയ അപകടം വളരെ മാരകമാണെന്നറിയണം . നമ്മുടെ കുട്ടികൾ ഇന്ന് സൈബർ ലോകത്തെ അടിമകളായി തീർന്നിരിക്കുന്നു. സൈബർ ബുള്ളിംങ്ങും, ഓൺലൈൻ ഗ്രൂമിംങ്ങും, സെക്സ്റ്റിങ്ങും ഒക്കെ ഇന്ന് സർവ്വസാധാരണമാണ്. ഈ അവസരത്തിൽ ലോകമാധ്യമദിനത്തിൽ ഫ്രാൻസീസ് മാർപ്പാപ്പ പറഞ്ഞ വാക്കുകൾ ഉപയോഗിക്കട്ടെ. ദൈവത്തിന്റെ സ്നേഹം പങ്കു വയ്ക്കുവാനും മനുഷ്യരോട് സാഹോദര്യം പങ്കു വയ്ക്കുവാനും മാധ്യമങ്ങളെ വിവേകപൂർവ്വം ഉപയോഗിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ .

റിനു തെരേസ് ഏഴ് ബി

# അമ്മ  മലയാളം

മക്കളായ് നാലുപേരുണ്ടെങ്കിലും

അമ്മ ഏകയാണേകയാണീ ഊഴിയിൽ

അച്ചൻ മറഞ്ഞൊരു കാലം മുതൽക്കമ്മ

ഭാരമായ് തീർന്നുവോ നാലുപേർക്കും



നാഴൂരി മണ്ണുംപകുത്തെടുത്ത്  മക്കൾ

നാലു വഴിക്കായി പിരിഞ്ഞുപോയി

അച്ചന്റെയാത്മാവുറങ്ങുന്ന

മണ്ണിലന്തിതിരി കൺതുറന്നതില്ല

ഉള്ളം തുളുമ്പുന്നൊരോർമ്മകൾ

നവദീപ്തി

നോവിന്റെയാഴം പെരുക്കിച്ചിതയെരിച്ചു

ദു ശ്കുനം പോലെ അമ്മയെക്കണ്ടോരാ

മക്കൾ നടന്നു മറയുന്നതും നോക്കി

നെഞ്ചു പൊളിഞ്ഞമ്മ നീറി നിന്നു

ചെല്ലക്കഥകൾ നുകർന്നു രസിച്ചോരാ

പേരക്കിടാവോടി വന്നനേരം

ശാസിച്ചു നിർത്തി മരുമകളെങ്കിലും

മുത്തശിക്കൊപ്പമൊന്നോടിയെത്താൻ

കൈ നീട്ടി നിന്നു കരഞ്ഞു പൈതൽ

അന്യയാമമ്മൂമ്മ നൊന്തു നിൽക്കെ

വിങ്ങി നുറുങ്ങിയോ കുഞ്ഞിൻ മനം

നിർമ്മല ബാല്യമേ നിന്നിൽ

പക നട്ടൊരച്ഛനുമമ്മയും എന്തു നേടി

മക്കളെ ഓർക്കുക തീരാത്ത ദുരിതമായി

നിങ്ങളെ ചൂഴുന്ന താപമായ്

തീരുമീ മാതൃശാപം

ആരോ വിലയിട്ടൊരാ നാലുകെട്ടിന്റെ

നോവു പോലമ്മ പകച്ചു നിന്നു.

പോകാനിടമില്ലന്നൊരു ദുഃഖമല്ലമ്മ തൻ

നെഞ്ചിൽ തിളച്ചതപ്പോൾ

മഴയിലും പൊള്ളുന്ന പകലിലും മക്കൾക്കായി

ഓടിത്തളർന്നൊരാ അച്ഛന്റെ രൂപമാണമ്മയെ

വന്നു പൊതിഞ്ഞതപ്പോൾ

അച്ഛനുണ്ടായിരുന്നെങ്കിലെന്നായമ്മന

ഉള്ളം തപിച്ചു കൊതിച്ചു പോയി

അച്ഛൻ മറഞ്ഞതിൻ പിന്നെയീയമ്മയെ

നവദീപ്തി

എത്ര കിടാങ്ങൾ മറന്നു പോയി

നേരമില്ലമ്മയെ  നോക്കുവാനെങ്കിലും

മക്കളുമൊന്നായി പറഞ്ഞെങ്കിലും

നാൽവരിലാരെങ്കിലുംവന്നു

കൈ പിടിച്ചൊപ്പം നടക്കുമെന്നാശിച്ചു പോയി

ഏകയായി തീർന്നൊരീ അമ്മ തൻ നെഞ്ചിലെ

തീയൊന്നണയുവാൻ, ഒരു വട്ടമെങ്കിലും

പോരുമോ മക്കളെ ഈ വഴിയേ

പ്രതിക്രിയയ്ക്ക് വന്നു കൂടിയാലും

തീരുമോ മക്കളെ നിങ്ങളെ പോറ്റിയ

പെറ്റ വയറിന്റെ തീരാ കടം



വിസ്മയ ഇ.കെ    പത്ത് ഡി







# വാർഷികാഘോഷം




# പരിസ്ഥിതി ദിനം



# ക്ലബ് ഉദ്ഘാടനം

# എന്നിൽ വന്നടുത്തതെന്തിന്



എന്തിനീ എന്നെ ആനന്ദിപ്പിച്ചു നീ
എന്തിനീ എന്നെ ആഴ്ത്തി നീ
ഇരുട്ടേറും രാത്രിതൻ കുളിര്
മാറ്റി നീ എന്തിനെൻ അടുക്കൽ വന്നു പൊൻസൂര്യനെ



നിൻ സൂര്യകിരണങ്ങൾ എൻ
നെറ്റിയിൽ ഒരു ചുംബനമായ്
തോന്നിയതെന്തേ
ഈറൻക്കാറ്റിലാടുന്ന വല്ലികതൻ നൃത്തം
എൻ സ്വപ്നക്കുളിരായ് മാറിയതെന്തേ



പാവതൻ രാഗത്തിൽ ആടിയുലയുന്ന
വൃക്ഷങ്ങളെ നിങ്ങളെന്നെ
എന്തിന് നിങ്ങൾതൻ
ഭംഗിയിൽ ആഴ്ത്തി മെല്ലെ

മടുപ്പില്ലെനിക്ക് വെറുപ്പില്ലെനിക്ക്
നവദീപ്തി
ഇനിയും നിങ്ങളെ നുകരാനായ്

എൻ ഹൃദയം

കാത്തിരിക്കും എൻ അന്ത്യമോളം

പളുങ്കുതൻ വെണ്മയിൽ പൂണ്ട്

നിറഞ്ഞൊഴുകുന്ന പുഴകളെ

നിങ്ങൾ എന്തിനെൻ

മാർവിൽ ഒരാനന്ദലഹളയായി




പച്ചപായ വിരിച്ചു എന്നെ

കാത്തിരിക്കും മലകളേ

നിങ്ങൾ എത്ര മനോഹരമായ്

ഒരു വർണമായ്



പ്രണയിപ്പൂനിന്നെ  ഞാനെൻ

ലോകസൗന്ദര്യമേ

മറയല്ലേ മായല്ലേ

കുളിർസപ്നങ്ങളേ



എന്തിനെന്നെ കൊതിപ്പിച്ചു
നീ എൻ പൊൻവർഷമേ
നിനക്കായല്ലേ ഈലോകമെ
കാത്തിരിപ്പൂ







പച്ചിലച്ചാർത്തിനിടയിലൂടെമുല്ലമേട്ടുകൾ
താഴെ വിതറിയ പൂനിലാവേ
എന്തിന് നിയെന്നിൽ
ഒരു സ്വപ്നജാലകം തുറന്നു തന്നു

ഭംഗിയാണ് സ്നേഹമാണെൻ പ്രകൃതി
ജീവൻ തന്നതല്ലേ    നമ്മെ കാക്കുന്നതല്ലേ
എൻ ലോകഭാഗ്യമേ  നിന്നെ ആസ്വദിക്കാൻ
ഒരു ജന്മം പോരാ മറ്റൊരു ജന്മം നീ നൽകുകയില്ലേ





പുഴകളേ വൃക്ഷങ്ങളെ
നിങ്ങൾ ഈ സൗന്ദര്യസാഗരത്തിൽ
**ഒഴുകുന്ന സൗന്ദര്യലഹരിയല്ലോ**
**ഈ ലഹരിയിൽ ഉൾപ്പെട്ട**
**ഞാനെത്രയോ ഭാഗ്യവാൻ**

നീതു ക്രിസ്തുദാസ്
ഒൻപത് സി

# മനുഷ്യസംസ്കാരത്തിൻെറ സ്ഥിതിഗതികളിലൂടെ

ലോകസംസ്കാരത്തിൻെറ പുത്തൻ വേദികളിൽ അശ്വമേഥം നടത്തികൊണ്ടുള്ള

മനുഷ്യയാത്രയിൽചുറ്റുമുള്ളപലതും അവൻ കാണാതെ പോകുന്ന അഥവാ നാം മനപൂർവ്വമോ

അല്ലാതെയോ വിസ്മരിക്കുന്ന കാര്യങ്ങൾ ഒരു പക്ഷെവിദ്യഭ്യാസത്തിനോ നമ്മുടെ ജിവനു തന്നെയോ

ഭീഷണിയായ് തീർന്നേക്കാം

മനുഷ്വത്വം വെടിഞ്ഞുള്ള വിദ്യാഭ്യാസത്തിന് എന്ത് മൂല്യമാണുള്ളത് കാടത്വമാണോ

നമ്മുടെ സംസ്കാരവും വിദ്യഭ്യാസവും

കലാലയത്തിലുള്ള രാഷ്ട്രീയം ഇന്നത്തെ യുവതലമുറയുടെ വിദ്യാഭ്യാസത്തിനു പോലും ഭീഷണിയായി

തീർന്നിരിക്കുന്നു. ഈ ഒരുവർഷത്തെ തന്നെ കണക്കെടുക്കുവാണെങ്കിൽ

അഭിമന്യ മുതൽ ഒത്തിരിപേരുടെ മാതാപിതാക്കൾ ഇന്നും കണ്ണിരോടെ കഴിയുന്നു ഭാരതത്തിൽ

വളർന്നു വരുന്ന മക്കൾ പൗരബോധമുള്ളവരായ് മാറും നല്ല രാഷ്ട്രീയം വളരും എന്നാൽ ഇതിനെല്ലാം

കളമാക്കേണ്ടത് സരസ്വതി ക്ഷേത്രങ്ങളല്ല എന്ന് ഓർമ്മിപ്പിക്കുന്ന വർഗ്ഗിയതയുടെ അണലികൾ

മുട്ടയിട്ടു വിരിയിക്കുന്ന മതതീവ്രവാദതിത്തിൻെര ച്യൂഷണം അങ്ങേ യറ്റം

നവദീപ്തി

ഏറികൊണ്ടിരിക്കുന്ന ഈ ലോകസംസ്കാരത്തിൽ നമ്മുടെ രാഷ്ട്രപിതാക്കൻ മാരുടെ സമത്വം

നാം മറന്നു പോകുന്നു മതത്തിനും വർഗ്ഗത്തിനും താഴന്നവനും ഉയർന്നവനും എന്നിങ്ങനെയുള്ള

ഭാവഭേദങ്ങൾ നമ്മുടെ സംസ്കാരത്തെ മാറ്റിയിരിക്കുന്നു ഒരു ജാതി ഒരു മതം ഒരു ദൈവം ഒരു

മനുഷ്യന് എന്ന ശ്രി നാരായണഗുരുവിന്റെ വാക്കുകൾ ഒന്നോർത്തുപോവുന്നു ലഹരിയും

മനുഷ്യനെ കാർന്നുതിന്നുന്ന ഒരുവിപത്തുതന്നെയാണ് മദ്യം മയക്കുമരുന്ന പുകയില

എന്നിങ്ങെനെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗത്തിന് ബലിയാടാവുന്നത് സ്കൂൾ

വിദ്യാർത്ഥികളാണ് ഇന്ന് ഭൂരിഭാഗം കലാലയങ്ങളും ലഹരി വസ്തുക്കളുടെ കച്ചവടകേന്ദ്രമായി

കൊണ്ടിരിക്കുന്നു ഓർക്കു കൂട്ടരെ

ആൻ വിൻസന്റ് ഒൻപത് സി

ഒരു swip വലിക്കുമ്പോൾ

തകരുന്നത് നിന്നടെ ജിവിതം

ഒരു beedi കത്തിക്കുമ്പോൾ


എരിയുന്നത് നിന്നടെ ജീവിതം

ചുണ്ടുകൾക്കിടയിൽ വെക്കുമ്പോൾ

പൊളിയുന്നതും നിന്നടെ ജീവിതം

നവദീപ്തി


# കലാകൗതുകം















നവദീപ്തി


മിടുക്കരായി
വളരട്ടെ...
ജനാധിപത്യ മതേതര സമൂഹത്തിനായി
പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക.
അക്കാദമിക മികവ്, വിദ്യാലയ മികവ്
പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം
സ്കൂൾ
പ്രവേശനോത്സവം
2018-19
2018 ജൂൺ 1



വേദീപ്തി

# RAIN

RAIN COMES FROM SKY
FROM LOT AND LOT  O F  SKY
LIKE DIAMOND RINGS
FLY FROM SKY WITH THE WINGS
RAIN ARE PEARLS
OF THE GODDES RAIN
RAIN ARE THE WATER
TO PEOPLE LIVE IN EARTH
RAIN COMES FROM THE SKY
IN THE SKY
RAIN COME TO EARTH
FALL GENTLY

YOU FALL VIOLENTLY
PEOPLE CALL IT AS FLOOD
KERALA FACED A BIG FLOOD
AND WE OVER CAME IT WITH OUR UNITY

BY
CHANDANAMOL9C



IMAGE CREDIT: iStock.com/BrianAJackson

# നേർക്കാഴ്ച്ച

ജൂലായ് മാസത്തിലെ പതിവിലേറെ ചൂടേറിയ ഒരു സായ്ഹനം റസ്ക്കോൽ നിക്കവ് തന്റെ

വാടകമുറി വിട്ടു പുറത്തു വന്ന ദസ്തയെവസ്കിയുടെ കുറ്റവും ശിക്ഷയും എന്ന നോവൽ

വായിക്കുകയായിരുന്നു യമുന .കഥയിലെ പോലെതന്നെ അന്നും ഇന്നും ഒരു

ജൂലായമാസമായിരുന്നു സ്കൂളിലെ വിഷാദകരമായ ക്ലാസിനെയും കൂട്ടുകാരേയും പറ്റി

പറഞ്ഞതിനു ശേഷം തേക്കിൻകട്ടിലിന്റെ ഒരു മൂലയിൽ ഇരുന്ന് അവൾ വായന തുടർന്നു :

ചൂടകൊണ്ട് വീർപ്പ്മുട്ടുന്നതും ചാരായത്തിന്റെ ദുസ്സഹനീയമായ അന്തരീക്ഷത്തിൽ റസക്കോൽ

നിക്കവ് എടിവന്ന് കാപ്പി കുടിച്ചിട്ട് പോയി കുളിച്ചേ അല്ലെങ്കിൽ ഇന്നും ഞാൻ സന്ധ്യയ്ക്ക

വിളക്ക് കത്തിക്കേണ്ടി വരും ചേച്ചി സുമിത്രയാണ് കാർമേഘങ്ങളാൽ ചുററപ്പെട്ട

അന്തരീക്ഷത്തിൽ കുളിക്കാൻ എതൊരു കുട്ടിയേയും പോലെ ആ പതിനാലുകാരിയ്ക്കും മടിയാണ്

എന്നാലും പതിവിലും നേരത്തെ

നവദീപ്തി

യായി അവൾ കുളിച്ച വീണ്ടും വായനയിൽ മുഴുകി അതിനിടയിൽ രണ്ട് മൂന്ന് പ്രാവശ്യം

വെള്ളിനൂലകൾ കാർമേഘങ്ങളിൽ നിന്നും ഭൂമിയിലേക്ക് പതിച്ച അമ്മയുടെ

തുണിയുണക്കാനുള്ള തത്രപ്പാടോ ചേച്ചിയുടെ ബാഗുണക്കാനുള്ള വേവലാതിയോ ഒന്നും തന്നെ

അവളുടെ ശദ്ധയിൽപ്പെട്ടില്ല എന്നാൽ ജനലുകൾ ഉള്ള ആ മുറിയിൽ ഇരുന്ന അവളുടെ

ശദ്ധയിൽ ഒന്നു പ്പെട്ടു ഭൂമിയിലേക്ക പതിക്കുന്ന നൂലകൾ മണ്ണിന്റെ അന്തരത്തിലേക്ക്

**ആഴ്ന്നചെല്ലുന്നില്ല അത് വീടിനു ചുററും ഒരു നീർചാലായി പൊന്തി വരുന്നു അന്നാദ്യമായി**

**ഷേർലക്ക് ഹോംസിനെപ്പോലെ അവളും ഒരു ഡിററ്കടിവായി മാറി**

**കുററന്വേഷണത്തിന്റെ യല്ല മറിച്ച മഴയുടെ നിസ്സാരമായി തോന്നിയ കാര്യം കുറച്ച**

**പ്രശ്നക്കാരായിരുന്നു അന്ധകാരം അന്തരീക്ഷത്തിൽ പടർന്ന് പിടിക്കാൻ തുടങ്ങി എന്നാലും**

**മഴയ്ക്ക് ഒരു ശമനവും........................**

**അയിഷ സന  ഒൻപത്  സി**

ഉണ്ടായില്ല അത് പൂർവ്വാധികം ശക്തിയോടെ വാനിൽനിന്നും നിലംപതിച്ചു അങ്ങനെ അ

നാലംഗ കുടുബത്തിന്റെ തറയും കവിഞ്ഞിരിക്കുന്ന വെള്ളം യമുനയെപ്പോലെ തന്നെ

അമ്മയും ......അച്ചനും അത് നീരിക്ഷിക്കുന്ന ണ്ടായിരുന്ന മഴ കുറയും എന്ന ശുഭാപ്തി

വിശ്വാസത്തോടെ ആ വീട് വിളക്കണച്ച നിദ്രയിലാണ്ടു നോവലിൽ വായിച്ച

കഥാപാത്രങ്ങളെ തന്റെ നിദ്രയ്ക്ക് വിഷയമാക്കി കൊണ്ട് ഉറങ്ങുകയായിരുന്ന യമുനയുടെ

കയ്യിൽ തണുപ്പനുഭവപ്പെട്ടു വെള്ളത്തിന്റെ തണുപ്പിനാൽ അന്ത്യം കുറിച്ച് അവൾ

ചാടിയെഴുന്നേററു അപ്പോഴയ്ക്കും അവളുടെ മുറിയിലേക്ക ഒരാൾ അടി പൊക്കത്തിൽ വെളളം

കയറിയിരുന്ന മുറിയിൽ നിന്നും അവൾ വിളിച്ചു അമ്മേ അച്ചാ ചേച്ചി .. അവർക്കെല്ലാം

ഇതേ അവസ്ഥതന്നെയായിരുന്നു തന്റെ മുറിയിൽ നിന്ന് ഒരടി മുൻപോട്ട് വെയ്ക്കാൻ

ആവാതെ അവർ ഒരോരുത്തരും ഒററപ്പെട്ടു യമുനയ്ക്ക പേടിയായി ചുററപ്പാടും

ശബ്ദത്തിനാൽമുഖരിതമായ അന്തരിക്ഷം അയ്യോ ഓടിവരണേ ..രക്ഷിക്കണേ ..എന്നീ

നിലവിളികൾ നിലയ്ക്കതെ തുടരുന്ന . അതിൽ എവിടെയോ അവരുടെ വീടും

നിലംപതിച്ചു...............

നവദീപ്തി

# RAIN DROPS

**Rain drops Rain drops**
**Dancing in the sky**
**Rain drops Rain drops**
**Falling on the earth**

**Rain drops Rain drops**
**Kissing on the leaves**
**Rain drops Rain drops**
**Showering on the flowers**

**Rain drops Rain drops**
**Blessing all the beings**
**Rain drops Rain drops**
**Dancing in the sky**
**Dancing in the sky**

**Anna Jewel Ignatius VIII C**


നന്ദി
നവദീപ്തി